# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

## പ്രവചന കാലയളവ് 23.04.2025 മുതൽ 27.04.2025 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 16/2025 (32) ചൊവ്വാഴ്ച | തീയ്യതി 22/04/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 23.04.2025 | 24.04.2025 | 25.04.2025 | 26.04.2025 | 27.04.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.2 | 0.2 | 0.2 | 3 | 0.2 |
| ഉയർന്ന താപനില (°C) | 38 | 38 | 38 | 38 | 38 |
| കുറഞ്ഞ താപനില (°C) | 28 | 28 | 28 | 28 | 28 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 8 | 8 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 230 | 250 | 250 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 7 | 7 | 7 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. 2025 ഏപ്രിൽ 22 മുതൽ 26 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലിനും, ശക്തമായ കാറ്റിനും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

2025 ഏപ്രിൽ 22 ന് ജില്ലയിൽ പരമാവധി താപനില 37 ഡിഗ്രി സെൽഷ്യസ് ആകാൻ സാധ്യതയുണ്ട്. ഉയർന്ന താപനിലയും ഈർപ്പവും കാരണം കുന്നിൻ പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ചൂടും, ഈർപ്പവുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ**:-. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് പുഞ്ച (പാലുറക്കുന്നപരുവം) | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ ക്കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്ടിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | ഇലപ്പുള്ളി രോഗം | വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽചേർത്ത് കുളിർക്കെതളിക്കുക. ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ ഒരു മി.ലി ഹെക്സാകൊണാസോൾ വെള്ളത്തിൽ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയക്കവിധം കുളിർക്കെതളിക്കുക. |
| ഇഞ്ചി, മഞ്ഞൾ | നടീൽ സമയം | ഇഞ്ചി, മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്ത് ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നതിന് മുൻകരുതലായി ഇഞ്ചി വിത്തും, മഞ്ഞൾ വിത്തും മാങ്കോസെബ് അല്ലെങ്കിൽ സ്യൂഡോമോണാസ് 3 ഗ്രാം ഒരു ലിറ്റർ ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. 90 കിലോ ചാണകപ്പൊടി ഒരു കിലോ ട്രൈക്കോഡർമയുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ച തണലത്ത് വെച്ച ശേഷം തടത്തിൽ ഇട്ടുകൊടുക്കുക. |
| മുളക് | വെള്ളീച്ച | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ മുളകിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്കവിധം പത്ത് ദിവസത്തെ ഇടവേളകളിലായി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 4 ഗ്രാം തയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: തൊലിപ്പുറമേ ഉള്ള പരാദങ്ങൾക്കു എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS KVASU, Mannuthy)